**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.506**

**29.05.2019-ലെ മറുപടിക്ക്**

**മഞ്ചേരി മണ്ഡലത്തിൽ മിനിമാസ്റ്റ് ലൈറ്റ്**

| **ചോദ്യം**<br>**ശ്രീ.എം.ഉമ്മർ** | | **മറുപടി**<br>**ഡോ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യം കയറും വകുപ്പ് മന്ത്രി)** |
|---|---|---|
| എ. | മഞ്ചേരി മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച മിനിമാസ്റ്റ് ലൈറ്റ് സംബന്ധിച്ച ഉത്തരവ് പുനഃക്രമീകരിക്കുന്നതിനായി നൽകിയ ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | നടപടികൾ പൂർത്തിയാക്കിയ ശേഷം ധനകാര്യ വകുപ്പ് 17.05.2019 ന് ഭരണ വകുപ്പിന് കൈമാറി. |
| ബി. | പ്രസ്തുത ഫയൽ (നമ്പർ:379064) തീർപ്പാക്കുന്ന കാര്യത്തിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | 28.03.2019 ന് സെക്ഷനിൽ എത്തി. ലോക് സഭാ തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമുള്ള ഇത്തരം ശിപാർശകൾക്ക് അടിയന്തിര സ്വഭാവത്തോടെ തീരുമാനം കൈക്കൊള്ളാൻ കഴിയാത്തതാണ് ഫയലിൽ തീരുമാനം വൈകിയതിന് കാരണം. |
| സി. | ഭരണവകുപ്പിൽ നിന്നും പ്രസ്തുത ഫയൽ എന്നാണ് സെക്ഷനിൽ ലഭ്യമായത്; ആയത്തിന്മേൽ സ്വീകരിച്ച ഫയൽ മൂവ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | 28.03.2019 നാണ് ഫയൽ ധനകാര്യ വകുപ്പിന് ലഭിച്ചത്.ടി ഫയലുമായി ബന്ധപ്പെട്ട മേൽ നടപടികൾ എൽഎസി-എഡിഎസ് പോർട്ടൽ 1 ലൂടെയാണ് കൈകാര്യം ചെയ്യുന്നത്. ടി പോർട്ടലിൽ ഇ-ഓഫീസിലെ പോലെ ഫയൽ മൂവ്മെന്റ് ക്രമം ലഭ്യമല്ല. |
| ഡി. | ഇത്തരം ഫയലുകൾ പോർട്ടൽ 1-ൽ ചെയ്യുമ്പോൾ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് നേരിടുന്നത്; വിശദമാക്കാമോ; | പുതിയതായി പോർട്ടലിൽ ലോഗിൻ ലഭിക്കുമ്പോൾ മുൻപ് അവസാനിപ്പിച്ച ഫയലുകൾ റീ-ഓപ്പൺ ചെയ്യാൻ സാധിച്ചിരുന്നില്ല. |
| ഇ. | ഈ പ്രശ്നം പരിഹരിക്കാൻ എൻ.ഐ.സി യോട് ഉപദേശം തേടിയിരുന്നോ;ഉണ്ടെങ്കിൽ വിശദമാക്കാമോ; | എൻഐസി യോട് ഉപദേശം തേടിയിരുന്നു. ടി പ്രശ്നം പരിഹരിച്ചത് എൻഐസി ആണ്. |
| എഫ്. | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയൽ എന്നത്തേക്ക് ഭരണ വകുപ്പിന് നല്കാൻ കഴിയുമെന്നറിയിക്കാമോ; | 17.05.2019 ന് ഫയൽ ഭരണവകുപ്പിന് കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**